The question that the Travancore-Cochin Entertainments Tax (validation of levy and collection) Bill, 1955, be taken up for consideration was put and carried.

The Bill was taken up for consideration.

Clauses 2 & 3.

The question that clauses 2 and 3 stand part of the Bill was put and carried.

The clauses 2 and 3 were added to the Bill.

Clause 1.

The question that clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The preamble and Title were added to the Bill.

SHRI K. KOCHUKUTTAN : I move that the Bill be passed.

SHRI PANAMPILLI GOVINDA MENON : I second it.

The question that the Travancore-Cochin Entertainments Tax (Validation of Levy and Collection) Bill, 1955, be finally passed was put and carried.

The Bill was passed.

MOTION UNDER RULE 137 (*contd.*)

Discussion on the State's Second Five Year Plan.

ശ്രീ യു. നീലകണ്ഠൻ : (തുടർച്ച) സർ, ഇന്നലെ പഞ്ചവത്സരപദ്ധതി സാമാന്യജനങ്ങളുടെ താഴ്ചയിലില്ലായ്മ പരിഹരിക്കുന്നതിനും, ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ടിടത്തോളം പര്യാപ്തമായ വിധത്തിലല്ല, ആസൂത്രണം ചെയ്തിരിക്കുന്നതെന്നു ഞാൻ പറഞ്ഞു. നമുക്കു ചോദിക്കുവാൻ അവകാശമുള്ളതും, ലഭിക്കാൻ അർഹതയുള്ളതുമായ സംഖ്യ പഞ്ചവത്സരപദ്ധതിക്കുവേണ്ടി കേന്ദ്രഗവണ്മെൻറ് അനുവദിച്ചുതന്നിട്ടില്ലെന്നുള്ളതു ഏവരും സമ്മതിക്കും. പ്ലാനിംഗിനു കൂടുതൽ തുക അനുവദിക്കുന്നതിനെക്കാൾ അധികാരം കേന്ദ്രീകരിക്കുകയാണു്. അഞ്ചു കൊല്ലത്തെ ഈ സ്റ്റേറിലെ വികസനബഡ്ജറ്റ് കേന്ദ്രത്തിൻറെ മുമ്പിൽ അവതരിപ്പിച്ചു് അനുവാദം വാങ്ങുകയാണു് ഈ പ്ലാൻകൊണ്ടു് നടന്നിട്ടുള്ളതു് യഥാർത്ഥത്തിൽ നിയമസഭയ്ക്കുള്ള അധികാരങ്ങളും പോലും കേന്ദ്രം പ്ലാനിൻറെ പേരിൽ കവർന്നെടുത്തിരിക്കുന്നു. 132 കോടി രൂപയ്ക്കു പ്ലാനുണ്ടാക്കിയ സ്റ്റേറിനു 75 കോടിരൂപ അനുവദിച്ചതു് ഗൗരവപ്രയത്നംകൊണ്ടാണെന്നു പറയുന്നു. കേന്ദ്രം സ്റ്റേറുകളേയും സ്റ്റേറുകൾ ജനങ്ങളേയും യഥാർത്ഥത്തിൽ പറഞ്ഞിക്കുന്നതാണു് ഈ പ്ലാനിംഗു്. ഓരോ നിയോജകമണ്ഡല

LIBRARY ARCHIVES Kerala Legislative Assembly

ത്തിലും ഈ പഞ്ചവത്സരപദ്ധതിയെപ്പറ്റി പറഞ്ഞു ജനങ്ങളെ വ്യാമോഹിപ്പിച്ചിട്ടുള്ള കോൺഗ്രസ്സ് കക്ഷി ഭരണാധികാരത്തിൽ വന്നപ്പോൾ, നമുക്കു ന്യായമായി ലഭിക്കേണ്ട 132 കോടി രൂപയ്ക്കു പകരം, 75 കോടി രൂപ ലഭിച്ചതു വസ്തുനിഷ്ഠമായി കാര്യങ്ങൾ മനസ്സിലാക്കാൻ കോൺഗ്രസ്സിനെ സഹായിച്ചേക്കാം. നമ്മുടെ സ്റ്റേറ്റിലെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്കു വേണ്ടിയും മറ്റും വളരെ അധികം തുക കൊള്ളിച്ചിട്ടില്ലെന്നുള്ളതും, ഒരു പരമാർത്ഥമാണ്. പ്ലാൻറ് ഫൈനാൻസിംഗിന്റെ കണക്കെടുത്താൽ 71 കോടിരൂപയുടെ പ്ലാനിംഗാണു നടന്നിട്ടുള്ളതെന്നു കാണാം. ഇതിൽ കേന്ദ്രം 11.46 കോടി ഗ്രാൻറും 13.46 കോടിരൂപ ലോണും നൽകുമെന്നാണ് ഫൈനാൻസിംഗ് സ്റ്റേറ്റുമെൻറിൽ കാണുന്നതു്. ഈ സ്റ്റേറ്റുമെൻറ് ശരിയാണെങ്കിൽ ഓരോ വർഷവും $2\frac{1}{4}$ കോടി രൂപയാണ് സഹായധനമായി ഈ സ്റ്റേറ്റിനു കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതു്. ഇതിനാണോ നാം കേന്ദ്രത്തിനെ ശരണം പ്രാപിക്കുന്നതു്. മൊത്തം തുകയുടെ 1/40 മാത്രമാണു നമ്മുടെ വിഹിതമെന്നു മുഖ്യമന്ത്രി പറഞ്ഞുകേട്ടു. കേന്ദ്രം കണക്കുകൾ നമ്മെ പഠിപ്പിച്ചാൽ കേന്ദ്രത്തിനു ചെലവുള്ള മൊത്തം ചെലവിന്റെ (330÷40) ഭാഗം കഴിച്ചു ബാക്കിയുള്ളതു് ഇവിടെനിന്നും പിരിക്കുന്നതു് നമ്മെ ഏൽപ്പിക്കുവാൻ പറയുവാനുള്ള ധൈര്യം നമുക്കുണ്ടാകണം. വർഷംപ്രതി 40 കോടിരൂപാളം രൂപ ഇവിടെനിന്നും കേന്ദ്രം കൊള്ളയടിക്കുന്നില്ലേ? കേന്ദ്രത്തിനു് ഇത്ര അധികം ഡാളർ സമ്പാദിച്ചു കൊടുക്കുന്ന മറ്റൊരു സ്റ്റേറ് ഇന്ത്യയിലുണ്ടോ? സർ, കേന്ദ്രത്തിന്റെ പരമാധികാരത്തിലുള്ള പ്ലാനിംഗല്ല നമുക്കു വേണ്ടതു്. നമുക്കു സ്വതന്ത്രമായ പ്ലാനിംഗ് വേണം അതെ, കുറഞ്ഞതും 200 കോടി രൂപയുടെ പ്ലാനിംഗാണു നമുക്കു് ആവശ്യമായിട്ടുള്ളതു്. ഈ രാജ്യത്തു് വേണ്ടത്ര വൻകിട വ്യവസായങ്ങളും ഉണ്ടായിട്ടില്ല. തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഏറ്റവും ഉപകരിക്കുന്നതു്, വൻകിട വ്യവസായങ്ങളാണു്. അവ മൂലം മാത്രമേ, തൊഴിലില്ലായ്മ ഏതളവുവരെ പരിഹരിക്കപ്പെടുകയുള്ളൂ. ഇൻഡ്യ ഒട്ടുക്കു് ഹെവി ഇൻഡസ്ട്രീസിനുവേണ്ടി വമ്പിച്ച തുകകൾ നീക്കിവച്ചിട്ടുള്ളതായി ഭരണകക്ഷി പ്രചരണം നടത്തുന്നു. ഇതേസമയം നമ്മുടെ രാജ്യത്തിനു പറയത്തക്ക വൻ വ്യവസായം ഒന്നുംതന്നെയില്ല. 1955 സെപ്റ്റംബർ 5-ാംതീയതി പ്ലാനിംഗ്മന്ത്രി ശ്രീ സാരിലാൽനന്ദ പുറപ്പെടുവിച്ച ഒരു പ്രഖ്യാപനത്തിൽ പറയുന്നുണ്ടു്, പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക 3 സ്റ്റീൽപ്ലാൻറിനും ഹെലക്ട്രിക്കൽ എക്വിപ്മെൻറ് പ്ലാൻറിനും മറ്റും വേണ്ടിയല്ലാതെ കൂടുതൽ തുക അനുവദിക്കുവാൻ നിവൃത്തിയില്ലെന്നു്. ആ നിലയിൽ നോക്കുമ്പോൾ ഈ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം കേന്ദ്രത്തിൽനിന്നും കൂടുതൽ യാതൊരു സഹായവും ഉണ്ടാകുകയില്ലെന്നു വ്യക്തമാണു്. ഡ്രാഫ്റ്റ് പാർട്ട് മൂന്നിൽ വ്യവസായങ്ങൾക്കുവേണ്ടി 5 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. പക്ഷെ റിവൈസ്ഡ് ഡ്രാഫ്റ്റിൽ അതു് 58 ലക്ഷമായി കുറവു ചെയ്തിരിക്കുന്നു. അതായതു 132 കോടി പ്ലാൻ ചെയ്തപ്പോൾ 1/26 ഭാഗം മേജർ ഇൻഡസ്ട്രിയ്ക്കു നീക്കിവച്ചിരുന്നതു് കേന്ദ്രത്തിൽ പോയി തിരിച്ചു വന്നപ്പോൾ ഏതാണ്ടു് 1/130 ആയി കുറഞ്ഞുവെന്നു പറഞ്ഞാൽ നമ്മുടെ സ്റ്റേറ്റിന്റെ നേർക്കുള്ള അവഗണന എത്ര ഭയങ്കരമായിരിക്കുന്നു. 21 വ്യവസായങ്ങൾക്കു പ്ലാൻ ചെയ്തിരുന്നതു ഇവിടെനിലവിലുള്ള 6 വ്യവസായങ്ങളുടെ വികസനമായി രൂപാന്തരപ്പെടുത്തി. കോഴിക്കോട്ടു് നൽകുന്നതിനു് തുടങ്ങിയ കുടിൽവ്യവസാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. യു. നീലകണ്ഠൻ]

സംഗതി നമ്മുടെനേരെ അടിച്ചേല്പിക്കാനുള്ള വിഫലശ്രമമാണ് കേന്ദ്രഭരണാധികാരികൾ പ്ലാൻ ചെയ്തിരിക്കുന്നത്. വളരെ അധികം മരച്ചീനി കൃഷിചെയ്യുന്ന ഈ രാജ്യത്ത് സ്റ്റാർച്ചും ഗ്ലൂക്കോസുമുണ്ടാക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുവാൻ പ്ലാനിലുണ്ടായിരുന്നതായി കാണുന്നു. അഹമ്മദബാദിലുള്ള "നിൽസ്റ്റാർച്ച്" ഫാക്ടറിയെപ്പോലുള്ള മാർവാടി ഗുജറാത്തികളുടെ ഫാക്ടറികൾക്ക് ലാഭം കുറയുമെന്നു കരുതി അതു് ഉപേക്ഷിച്ചിരിക്കുകയാണ്. ഈരാജ്യത്തെ അനേകം ലക്ഷം മരച്ചീൻ കർഷകരോടു ചെയ്ത ഒരു അപരാധമാണ് ഇതു്. സർ, എന്തായാലും ഇവിടെ കൂടുതൽ വൻകിട വ്യവസായങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി ഗവണ്മെൻറ് വേണ്ടിടത്തോളം പരിശ്രമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പ്രധാനപ്പെട്ട ഈ പദ്ധതിയെക്കുറിച്ചു സംസാരിക്കാൻ ആകെ 7 മണിക്കൂറെ ഈ സഭയ്ക്കു കിട്ടിയുള്ളൂ എന്നതു് ആക്ഷേപകരമാണ്. സമയച്ചുരുക്കത്താൽ ഞങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാൻ കഴിയുന്നില്ല. വെറുതേ ഭിക്ഷാംദേഹിയായി കേന്ദ്രത്തിൻറെ പുറകേ നടന്നു സമയം കളയാതെ സ്വന്തമായി പ്ലാനിംഗ് നടത്താനുള്ള സാഹചര്യം കേന്ദ്രത്തിനോടു ശക്തിയുക്തം വാദിച്ചു സമ്പാദിച്ചു കൂടുതൽ തുക വ്യവസായങ്ങൾക്കുവേണ്ടി മുടക്കേണ്ടതാണ്. വരാൻപോകുന്ന കേരളസ്റ്റേറ്റ് നമ്മുടെ മുമ്പിൽ ഉണ്ടായിരിക്കണം.

[MR. DEPUTY SPEAKER in the Chair.]

SHRI T. T. DANIEL: Sir, we are now at this Second Five Year Plan. We are having the national planning for the prosperity of the Country. The object of Planning is to improve the condition of labour, remove illiteracy from our country and to raise the standard of living of the common man by increasing *per capita* income of the people. The Planning Commission has recognised that the problem of unemployment can be solved by establishing heavy industries in the Public Sector, and by encouraging small industries on a nation-wide scale taking into consideration the vast population of the country. So far as the major industries are concerned, the policy of the Government of India is to establish new industries and to expand the existing industries in the private sector and also to take share capital in their investment. The Planning Commission has recognised also that the prosperity of our nation rests on the prosperity of our villages. The four hundred thousand villages in our country are the nerve centres of our national potentiality. If these villages are neglected, our national wealth is impaired. Recognising this fundamental principle, the Planning Commission has revised means to see that money is being transmitted from the Centre to the villages. The Community Projects, the National Extension Services and Community

LIBRARY ARCHIVES Kerala Legislative Assembly

Centres are all visible marks of village planning. The introduction of Panchayat system is another step to improve the lot of villages. The Planning Commission has also recognised that amelioration of the backward classes is an absolute necessity, because they form nearly 8 crores of the population of the country.

So far as the Draft Plan that is placed before us is concerned, it is generally thought that we are having a *post-mortem* examination of it. It would have been better if the Government had placed before us this Draft Plan before it was submitted to the Commission. But it may be argued by Government that these recommendations and proposals have been subjected to scrutiny by various Development Committees appointed by the Government in which Members of this Legislature are also members. I may point out, Sir, a perusal of this Plan will show that it is entirely different from that proposed by the Committees. It seems to me that the Government are only requiring a conduct certificate from us. Incidentally, I may say something about the Home Minister's speech. With all respect for him I may say that the speech he made was an unkind cut on us. He has been suggesting that all that is needed for the south have been done. Sir, it is only a negation of truth. Let us see how the proposals for the Second Plan affects the south. Important schemes for which the people of the south have been agitating for long are the Chittar and Pattanamkal schemes. Now the original amount of Rs. 50 lakhs allotted for these schemes has been reduced to Rs. 30 lakhs. Also, the Chief Minister stated on the floor of this House that the Chittar and Pattanamkal schemes were not till now approved by the Planning Commission. I do not know how and why these schemes were not approved. Sir, this scheme which is a life-and-death issue so far as southern taluks are concerned is not approved by the Planning Commission while schemes of less importance which irrigate only a lesser extent in area have been approved by the Commission. We urge that Government will take all measures to see that these schemes are finally approved by the Planning Commission by apprising them of the necessity of the schemes. This scheme will cost Rs. 150 lakhs and if it is completed, it will benefit 15,000 acres in the Vilavancode taluk.

As for Minor Ports, Government have allotted nearly 35 lakhs under this head. We are glad that Rs. 25 lakhs are going to be invested for the improvement of the Quilon

LIBRARY ARCHIVES Kerala Legislative Assembly

[Shri T. T. Daniel]

Port. But it is painful to us, Sir, that inspite of the recommendations of the Committee constituted to go into the question of improving Minor Ports, no amount has been allotted for the improvement of Colachel and Leepuram Ports. I could say that long before the Port of Cochin came into existence, Colachel was a harbour from where ships from Travancore traded with foreign countries. Prior to Independence Cochin and Colombo were under British administration.

4 P. M. But now Ceylon has become a foreign country and so the conditions that existed then are now altered and the Government should take into consideration the importance of Colachel and Leepuram ports and take up the question of improvement of these ports.

Then, with regard to Water and Drainage Schemes It is stated that investigation of the Nagercoil Drainage and Water Schemes was made and completed. The estimated cost of the scheme was about one crore of rupees and it was suggested by the Development Committee that a sum of Rs. 23 lakhs should be allotted in the Second Five Year Plan for this purpose. That proposal was also turned down by the Government.

Then, with regard to Rural Water Supply Schemes, I request the Government to pay proper attention to these things as well.

Coming to the establishment of major industries, the Travancore-Cochin State proposes to start nine major industries in the various parts of the State. But it has been suggested by the Government that so far as the southern portions of the State are concerned, there are not sufficient raw materials for starting any industry in that area. But, Sir it is a well-known fact that there is plenty of raw materials for starting mica mining factory. There is enough raw material for starting cement industry. Large quantities of lime are available in a stretch right from Thovala to Manakudi and then up to Colachel. In such a long stretch of land lies embedded in the earth plenty of lime. It is an important raw material for starting a cement factory in the area. Sir, the people in those southern parts have now some misgivings and misapprehensions. They have begun to think that this Government may not perhaps allot a fair share to this area in the Second Five Year Plan on the plea

LIBRARY ARCHIVES Kerala Legislative Assembly

or thinking that this area, after all, is going to be merged with the Madras State. But Sir, this Government has a duty to clear those misapprehensions and misgivings. People have begun to ask us about it. The Chief Minister was suggesting to us that the Central Government's idea is to see that as far as possible Rs. 2,220 crores set apart for the Second Five Year Plan is distributed among the various States on the basis of their population. I only request the Government to see that this golden rule is resorted to in the case of the distribution of Rs. 75 crores allotted to this State among its population. If that is so, this Government must set apart 7 1/2 crores of rupees for the southern taluks, for we are about one-tenth of the population of the Travancore-Cochin State. There must be an investment in these taluks to the extent of 7 1/2 crores of rupees. And we request the Government to see that some provision is made whereby it will be ensured that in case this area is merged with the Madras State, the amount is invested in these taluks. I think the Chief Minister in his reply will make that position clear so that the misapprehensions that are prevailing now in the southern portion of the State will be clear.

Sir, since the Government have not invested any amount in the southern portion of the State by way of starting new industries, we are very particular in suggesting to the Government that a large portion of the amount which we are entitled to must be invested in public works, for construction of new roads and irrigation works and for surfacing the roads, etc. As for the anti-erosion work, there are about 300 lakhs of Rupees provided in the Plan. I have brought to the notice of the Government many a time that Colachel is one of the recently affected areas on account of sea erosion. The Government are aware that about 62 houses have been damaged on account of sea erosion, in that area and that about 600 persons are homeless. I wish that this Government will allot a considerable portion of that amount available for this purpose in the Second Five Year Plan and make suitable adjustments for the construction of cement masonry structures along the affected coastal area at Colachel so that the people there will not be affected in future on account of see erosion.

Coming to the small industries, the Government propose to start sixty industries in the State. It is painful to note that in the list of these industries and among the list for the

LIBRARY ARCHIVES Kerala Legislative Assembly

[Shri. T T. Daniel]

cottage industries, the Palmyra fibre industry is not included. I wish to bring home to the Government that Palmyra industry is one of the most important cottage industries in the State. About two lakhs of people are engaged in that industry. That industry is now passing through a crisis. The Palmyra fibre is exported to Denmark and Norway and other places. There is the Mexico fibre that is being exported from South Africa in the market. Because of these foreign fibres this industry is facing a crisis. Until and unless the Government renders the necessary financial assistance to these people, who are engaged in this industry, I am sure that this industry will not be able to continue and the labourers employed therein will be put to great difficulty.

Then, coming to Palmgur industry, in the first list a sum of about 14 lakhs of rupees was suggested. But in the revised list, you find that the amount is revised to 10 lakhs of rupees. This amount is meagre. I therefore say that in the Second Five Year Plan, the quota of 7 1/2 crores of rupees that is to be given to the five southern Taluks must clearly find a place on the Plea of natural justice.

MR. DEPUTY SPEAKER: How much time do you want for your reply, Mr. Chief Minister?

SHRI PANAMPILLI GOVINDA MENON: I would like to have some half-an-hour for the reply.

MR. DEPUTY SPEAKER: So, I will call the Chief Minister exactly at 4.30. Because there will be only some twenty or twenty-five minutes more, I am going to restrict the time to five minutes each for a member.

ശ്രീ. വി. പി. പരമേശ്വരൻ നംപൂതിരി: സർ, രണ്ടാം പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചുള്ള പ്ലാനിംഗിനെ കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന്റെ അവസാനമായി താഴെപറയുന്ന സംഗതികൾകൂടി ചേർക്കണമെന്നുള്ളതാണ് എന്റെ പ്രമേയംകൊണ്ട് ഉദ്ദേശിക്കുന്നത്. അതായത് പഞ്ചവത്സരപദ്ധതിക്കാലത്തുതന്നെ സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ദേശസാൽക്കരിക്കുയും, സോഷ്യൽ സർവ്വീസുകൾക്കും, വ്യവസായങ്ങൾക്കും, കൃഷി, ഗ്രാമോദ്ധാരണം, തൊഴിൽ, തൊഴിലാളിപുരോഗമനം ഇവ വർദ്ധിപ്പിക്കുന്നതിനെയും, ഇവയ്ക്കുവേണ്ടി കൊടുക്കപ്പെടുന്ന കാൺട്രാക്ടറ സിസ്റ്റം നിറുത്തിലാക്കുന്നതിനെയും സംബന്ധിച്ചുള്ളതാണ് എന്റെ പ്രമേയം.

മി. ഡി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അധികസമയം അനുവദിക്കാൻ നിവൃത്തിയില്ല, അതുകൊണ്ട് മൂന്നുമിനിട്ടാണ് അനുവദിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി : സർ, ആ നിരത്തിതൊട്ടുമുമ്പുള്ള നിരത്തിഅമ്പത്തിരണ്ട് ഏപ്രിൽ ഒന്നാം തീയതിമുതൽ ആരംഭിക്കുന്ന 5 കൊല്ലക്കാലത്തേക്കു നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിയെ പുരസ്കരിച്ചുകൊണ്ടുള്ള ഒരു പ്രമേയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിട്ടുള്ളതു്. അതേ അവസരത്തിൽ തന്നെ ഒന്നാം പഞ്ചവത്സരപദ്ധതിയിൽ സംസ്ഥാനത്തേക്കു ലഭ്യമായിട്ടുള്ള നന്മകളെപ്പറ്റിയോ അല്ലെങ്കിൽ ഒന്നാം പഞ്ചവത്സരപദ്ധതിയുടെ പരാജയത്തെപ്പറ്റിയോ എന്റെ മാന്യസ്നേഹിതൻ മേമല്ലൂർ മെമ്പർ പറഞ്ഞതുപോലെയുള്ള ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതിനു ഞാൻ ഒരുങ്ങുന്നില്ല. രണ്ടാംപഞ്ചവത്സരപദ്ധതി നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിക്കുതന്നെയുള്ളതാണെന്നു പറയുവാൻ പോകുന്നതെന്തു നാം പരിശോധിക്കേണ്ടിയിരിക്കുന്നു. അതിനുമുമ്പായി സംസ്ഥാനപുരോഗമനത്തിനുവേണ്ടി ചില നിർദ്ദേശങ്ങൾകൊടുക്കേണ്ടതു ഓരോരുത്തരുടേയും കർത്തവ്യമാണെന്നാണു ഞാൻ വിചാരിക്കുന്നതു്. അങ്ങിനെ നോക്കുകയാണെങ്കിൽ ഇപ്പോഴത്തെ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികളെ സംബന്ധിച്ചിടത്തോളവും പദ്ധതിയുടെ പൊതുതത്വങ്ങൾക്കും പൊതുജന നിർദ്ദേശങ്ങൾക്കും അനുസരണമായി നാട്ടിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ തക്കവണ്ണം ഉള്ളപരിപാടികൾ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ എന്നുള്ളതു തീർത്തുപറയാൻ നിവൃത്തിയില്ല. അങ്ങിനെ തികച്ചും അപര്യാപ്തമായിട്ടുള്ള ഒരു പ്ലാനാണ് മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. 76 കോടി രൂപയോളം ഉൾക്കൊള്ളുന്ന ഒരു പദ്ധതിയാണു ഇതു്. ഈ പദ്ധതിമുഖാന്തിരം സംസ്ഥാനത്തിന്റെ പൊതു ആവശ്യങ്ങൾ എത്രത്തോളം നിറവേറ്റാൻ കഴിയുമെന്നാണു നോക്കേണ്ടതു്. ഈ പഞ്ചവത്സരപദ്ധതിയുടെ കാലത്തുതന്നെ ട്രാൻസ്പോർട്ട് ദേശസാൽക്കരണം നടത്തേണ്ടതു് ഏറ്റവും അത്യാവശ്യമായിട്ടുള്ള ഒരുകാര്യമാണു്. ട്രാൻസ്പോർട്ട ദേശസാൽക്കരണത്തെസംബന്ധിച്ചിടത്തോളവും കേന്ദ്രഗവണ്മെന്റിന്റെ ഉപജ്ഞാതാക്കൾക്കു വിസമ്മതം ഉണ്ടെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. പബ്ലിക്കു്യൂട്ടിലിറ്റി സർവീസായി പരിഗണിച്ചുവരുന്ന ട്രാൻസ്പോർട്ട് 17 വർഷക്കാലമായി നമ്മുടെ സംസ്ഥാനത്തു വിജയപ്രദമായി നടത്തിക്കൊണ്ടിരിക്കയാണു്. ഇന്നു ഞങ്ങൾ ഇവിടെവന്നപ്പോൾ ട്രാൻസ്പോർട്ടിനെസംബന്ധിച്ചു് ഒരു പുസ്തകം ഞങ്ങൾക്കു വിതരണം ചെയ്യുകയുണ്ടായി. ട്രാൻസ്പോർട്ടിന്റെ 17 കൊല്ലത്തെ വിജയകരമായ പ്രവർത്തനങ്ങളെ ഉള്ളടക്കം ചെയ്തിട്ടുള്ള ഒരു പുസ്തകമാണു് ഇതെന്നു വായിച്ചപ്പോൾ മനസ്സിലായി. അങ്ങിനെ വളരെ അഭിവൃദ്ധിലാഭത്തോടുകൂടി രാജ്യത്തിനു ആദായം ഉണ്ടാക്കികൊടുക്കുന്ന ഈ പ്രസ്ഥാനത്തെ ദേശവൽക്കരിക്കുന്നതുകൊണ്ടു് കൂടുതൽ ആദായമുണ്ടാകുകയും അങ്ങിനെയുള്ള ആദായം രണ്ടാം പഞ്ചവത്സര പദ്ധതിയിൽ വിനിയോഗിക്കയും ചെയ്യുന്നുള്ള സന്ദർഭം ഉണ്ടാകുന്നതാണു്. ഈ പദ്ധതിക്കുവേണ്ടി ഇപ്പോഴത്തെ പ്ലാനിൽ കൊള്ളിച്ചിട്ടുള്ളതു 150 ലക്ഷംരൂപയാണു്. ഇന്നും നിലവിലിരിക്കുന്ന ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെന്റിലുള്ള പലവിധ ന്യൂനതകളെയും മറവും ഇല്ലാതാക്കി പൊതുജനങ്ങൾക്കു കൂടുതൽ സഞ്ചാരസൗകര്യം വർദ്ധിപ്പിക്കണമെന്ന ഉദ്ദേശത്തെ ആദരിച്ചുകൊണ്ടാണു് ഇത്രയും തുക ചേർത്തിട്ടുള്ളതെന്നാണു കാണുന്നതു്. അങ്ങിനെ ട്രാൻസ്പോർട്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. വി. പി. പരമേശ്വരൻ നമ്പൂതിരി]

പുതിയ പുരോഗമനപദ്ധതിയിലേക്കു പ്രവേശിക്കുകയാണു ചെയ്യുന്നതു്. 300 ബസ്സുകളോളം വാങ്ങാൻപോകുന്നു എന്നു് പറയുന്ന അതേ അവസരത്തിൽ പുതിയതായി എടുക്കേണ്ടതായ റൂട്ടുകളെ സംബന്ധിച്ചു് ഒന്നും പറയുന്നില്ല. അതുപോലെതന്നെ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ 9 വ്യവസായങ്ങളും പുതിയതായി തുടങ്ങുമെന്നു പറയുന്നുണ്ടു്. പ്രൈവറ്റു സെക്ടറിൽ ആരംഭിക്കുന്ന രണ്ടു വ്യവസായങ്ങൾക്കു നൽകാനായി നീക്കിവച്ചിരിക്കുന്നതു 25 ലക്ഷം രൂപയാണു്. പ്രൈവറ്റു സെക്ടറിൽ നടത്തുന്ന വ്യവസായങ്ങളെ സംബന്ധിച്ചുള്ള ഫൈനാൻസിനെപ്പറ്റി പറയുന്നതു ഇങ്ങനെയാണു്.

"Other industries in the private sector will be financed from sources outside the Travancore-Cochin Government."

എനിക്കു പറയാനുള്ളതു പ്രൈവറ്റു ഏജൻസികൾ നടത്തുന്ന വ്യവസായങ്ങളുടെ നിലനിൽപ്പു അവയിലേക്കു മുടക്കുന്ന തുകയെ ആശ്രയിച്ചാണെന്നാണു്. അതുകൊണ്ടു് ഇത്തരം വ്യവസായങ്ങൾ തുടങ്ങുന്ന അവസരങ്ങളിൽ ആ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ഈ പ്ലാനിംഗിൽ വ്യവസ്ഥ ചെയ്യേണ്ടതായിരുന്നു. (ബെൽ)—സർ, ഞാൻ അവസാനിപ്പിച്ചുകൊള്ളാം. അതുകൊണ്ടു് പ്രൈവറ്റു വ്യവസായങ്ങൾക്കു കൂടുതൽ ധനസഹായം ചെയ്യുന്നതിനു പുറമേ പമ്പാനദിയുടെ തീരത്തു തുടങ്ങുന്ന സ്റ്റാർച്ചു് ഫാക്ടറി തൊഴിലാളികൾക്കു് ഷെയർ കൊടുക്കത്തക്കവണ്ണം വ്യവസ്ഥചെയ്തു തൊഴിലാളികളെക്കൊണ്ടു തന്നെ ആ ഫാക്ടറി നടത്തിക്കേണ്ടതാണെന്നാണു എന്റെ അഭിപ്രായം.

ശ്രീ. എ. സി. ചാക്കോ: രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ നമ്മുടെ സ്റ്റേറ്റിലേക്കു് കൊള്ളിച്ചിരുന്ന എസ്റ്റിമേറ്റിൽ പകുതി വെട്ടിക്കുറച്ചിരിക്കയാണെന്നും ഇനിയും കൂടുതൽ കിട്ടുന്നതിനു് സമ്മർദ്ദം ചെലുത്തണമെന്നും കേന്ദ്രത്തിലെ പല പദ്ധതികളും ഈ നാട്ടിൽതന്നെ തുടങ്ങുന്നതിനു് അവരെ നിർബന്ധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. 75 കോടിയിൽ ചിലപ്പോൾ രൂപ ഈ സംസ്ഥാനത്തു് അനുവദിച്ചിട്ടുള്ളതു് 36 ഹെഡ്ഡിലായിട്ടാണു് കൊള്ളിച്ചിട്ടുള്ളതു്. ഇതിൽ കൃഷിക്കു് കൊള്ളിച്ചിട്ടുള്ളതു് വെറും ഒന്നരക്കോടി രൂപയാണു്. തികച്ചും കാർഷിക പ്രധാനമായ ഒരു രാജ്യമായ തിരുവിതാംകൂർ–കൊച്ചിയിൽ കൃഷിക്കാർ ഇന്നു് അനുഭവിച്ചുകൊണ്ടിരിക്കുന്ന അവശതകളെയും അവരുടെ നിരാശാമനസ്ഥിതിയേയും മാറ്റുന്നതിനും തക്കവണ്ണം അവർക്കു് സാമ്പത്തിക സഹായം നൽകി അവരുടെ നില ഉയർത്തുന്നതിനു് ഈ തുക തീരെ അപര്യാപ്തമാണു്. ഇന്നു് ഉൽപ്പാദനത്തിന്റെ വിലക്കുറവുമൂലം ഈ നാട്ടിലെ കർഷകർ ദുരിതഭാരം കൊണ്ടു് വിഷമിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ അവരെ ദുരിതഭാരത്തിൽ നിന്നും വിമുക്തരാക്കുന്നതിനു് ആവശ്യമുള്ള ധനസഹായം ചെയ്യുന്നതിനുവേണ്ടി കേന്ദ്രഗവണ്മെന്റിനോടു് അപേക്ഷിക്കണമെന്നാണു് എനിക്കു് ഉൽബോധിപ്പിക്കുവാനുള്ളതു്.

അടുത്തതായി ഞാൻ മുമ്പു് സൂചിപ്പിച്ചതുപോലെ കൃഷിയെ സംബന്ധിച്ചിടത്തോളം ചെറുപ്പക്കാർക്കു് പ്രത്യേകിച്ചു് കാണുന്ന അലസ

LIBRARY ARCHIVES Kerala Legislative Assembly

മനോഭാവം മാറി അവരെ കൃഷിയിൽ ഉൽസുകരാക്കി തീർക്കേണ്ടതു് അത്യാവശ്യമാണു്. കാർഷികപ്രാധാന്യമുള്ള ഈ രാജ്യത്തു് എല്ലാ ജനങ്ങളും കൃഷിയിൽ ഉത്സാഹമുള്ളവരായിരിക്കേണ്ടതാണു്. എന്നാൽ കൃഷി ആദായമല്ലാതായിത്തീർന്നിട്ടുള്ളതുകൊണ്ടും കർഷകർക്കു് വന്നു കൂടുന്ന ഋണഭാരം കൊണ്ടുമാണു് ചെറുപ്പക്കാർ അധികവും കാർഷിക രംഗത്തു് പ്രവേശിക്കാത്തതു്. ഇപ്പോൾ ചെറുപ്പക്കാരെ കാർഷിക രംഗത്തേക്കു് ആകർഷിക്കത്തക്കവണ്ണം അവസരം കിട്ടിയിട്ടുണ്ടു്. കൃഷി ചെയ്യുന്നതിനു് സൗകര്യമുള്ള ധാരാളം വനങ്ങൾ ഉൾപ്പെട്ട മലബാർ പ്രദേശം നമ്മുടെ കേരളസംസ്ഥാനത്തിനു് ലഭിക്കാൻ പോകയാണു്. ആ വന പ്രദേശങ്ങളെ ഈ രാജ്യത്തിന്റെ വിഭവസമ്പത്തായി രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത ലഭിച്ചിട്ടുണ്ടു്. തിരുവിതാംകൂർ–കൊച്ചിയിൽ സ്ഥലമില്ലാതെ മലബാറിൽ പോയി കൃഷിചെയ്തു് താമസിക്കുന്ന നമ്മുടെ രാജ്യത്തിലെ ആളുകൾ ധാരാളം ഉണ്ടു്. തൊഴിലില്ലാതെ നടക്കുന്ന ഇവിടത്തെ ആളുകൾക്കു് പ്രത്യേകിച്ചും അഭ്യസ്തവിദ്യർക്കു് ഈ വനങ്ങളിൽ 5 ഏക്കറോ 10 ഏക്കറോ ഭൂമികൊടുത്തു് പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ ആ സ്ഥലത്തു് കുരുമുളകു് റബ്ബർ മുതലായ ഉൽപ്പന്നങ്ങൾ കൃഷിചെയ്തു് എട്ടുപത്തുകൊല്ലംകൊണ്ടു് ഓരോകുടുംബത്തിനും പത്തു് അൻപതിനായിരം രൂപ വരവുണ്ടാക്കാൻ സാധിക്കുന്നതാണു്. ഗവണ്മെന്റിന്റെ നേതൃത്വത്തിൽ അവിടെ ഒരു കോളനി സ്ഥാപിച്ചു് ഈ വിധത്തിലുള്ള സൗകര്യങ്ങൾ ലഭിക്കുകയാണെങ്കിൽ അതു് ഈ നാട്ടിലെ ജനങ്ങൾക്കു് വലിയ ഉപകാരമായിരിക്കും.

ഒരു സംഗതികൂടിപറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. ഇടുക്കി പദ്ധതിയെക്കുറിച്ചാണു് എനിക്കുപറയുവാനുള്ളതു്. പ്രകൃതിസുന്ദരമായ ആ ഭാഗത്തു് ഹൈഡ്രോ ഇലക്ട്രിക് സ്കീം പൂർണ്ണമാക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. അതു് ഈ ആണ്ടിൽ തന്നെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനു് കേന്ദ്രഗവണ്മെൻറിൽ സമ്മർദ്ദം ചെലുത്തണം. കൊല്ലം കോട്ടയം മുതലായ സ്ഥലങ്ങളിലെ പ്രൊത്സാഹനമാർഗ്ഗങ്ങളെക്കുറിച്ചും മറ്റും പറയുവാനുണ്ടെങ്കിലും സമയം ഇല്ലാത്തതുകൊണ്ടു് അതൊന്നും പറയണമെന്നു് വിചാരിക്കുന്നില്ല. രാജ്യത്തു് പഞ്ചവത്സരപദ്ധതിയിൽ നിന്നും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ആശയെ നിരാശയായി മാറാത്തവണ്ണം ഗവണ്മെൻറും വേണ്ട നടപടികളും എടുക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. പി. വി. അവിരാതരകൻ: ഞങ്ങളുടെ ഭാഗത്തുനിന്നും ഈ പ്ലാനിനെപ്പറ്റി പറയുമ്പോൾ കുറെ പബ്ലിക്കുവർക്സ് കണ്സോളിഡേറ്റ് ചെയ്യണമെന്ന ധാരണയിൽ അല്ല, നേരെ മറിച്ചു് സാമൂഹ്യമായും സാമ്പത്തികമായും ഇതു് നമ്മുടെ നാട്ടിനെ എങ്ങനെ ബാധിക്കുമെന്നുള്ള അടിസ്ഥാനത്തിലാണു് പറയുന്നതു്. ഈ പദ്ധതികളുടെ സൂത്രധാരന്മാർ ഡെമോക്രാറ്റിക് സെറ്റപ്പിന്റെ അടിസ്ഥാനത്തിൽ ഇതു് ആവിഷ്കരിച്ചിട്ടുള്ളതായി തോന്നുന്നില്ല. ഒരു വസ്തുത ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളതു്, ഡെമോക്രാറ്റിക് സെറ്റപ്പിലുള്ളതും സമാധാനം കാംക്ഷിക്കുന്നതുമായ ഒരു രാജ്യത്തിനു് മാത്രമേ ഇതുമാതിരിയുള്ള പദ്ധതികൾ വിജയപൂർവം കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ എന്നാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അപ്പോൾ റഷ്യയിൽ ഇതു് പരാജയപ്പെട്ടുകയാണോ ചെയ്തതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. രാഘവൻ: [illegible] റഷ്യയിൽ ഇതു് വിജയിച്ചിട്ടുണ്ടു്. പക്ഷേ അതു് ഡെമോക്രാറ്റിക് സെറ്റപ്പിലുള്ള ഒരു രാജ്യമാണു്. എന്നാൽ അമേരിക്കയാകട്ടെ മറ്റു് രാജ്യങ്ങളെ കൈയടക്കാനുള്ള പദ്ധതികളാണു് ആസൂത്രണം ചെയ്യുവരുന്നതു്. റഷ്യ ഡെമോക്രാറ്റിക് സെറ്റപ്പിലുള്ള ഒരു രാജ്യം ആണെന്നും ലോകത്തിൽ സമാധാനമുണ്ടാക്കുന്നതിനു് റഷ്യ പ്രവർത്തിച്ചുവരികയാണെന്നും പണ്ഡിറ്റ് നെഹ്റുപോലും പറഞ്ഞിട്ടുണ്ടു്. ആക്രമണ പരിപാടി റഷ്യയ്ക്കു് ഇല്ലെന്നു് അദ്ദേഹം പറയുക ഉണ്ടായി. ഒരു ജനാധിപത്യ രാജ്യത്തിനു മാത്രമേ ഈ പദ്ധതികൾ വിജയത്തിലേക്കു് എത്തിക്കാൻ സാധിക്കുകയുള്ളൂ. മറ്റൊരു വസ്തുത നമ്മുടെ സ്റ്റേറ്റിനു് ഈ കാര്യത്തിലേക്കു് 75 കോടി രൂപ അനുവദിച്ചിട്ടുണ്ടു്. അതു് ചെലവാക്കണം എന്നു് തീരുമാനിക്കയും ചെയ്തിട്ടുണ്ടു്. ഇത്രയും തുക കിട്ടിയതുതന്നെ ചെലവാക്കാൻ സാധിക്കുമോ എന്നു് എനിക്കു് സംശയം ഉണ്ടു്. ഒന്നാമത്തെ പദ്ധതിക്കു് 1955 മാർച്ചു് 31-ാം തീയതി വരെ, ചെലവാക്കിയിട്ടുള്ളതു് ആകെ 19·3 കോടി രൂപയാണു്. അതായതു് 56 മാർച്ചുകൊണ്ടു് ഇനിയും 10 കോടി രൂപ ചെലവാക്കണം. അതു് ചെലവാക്കാൻ സാധിക്കുമെന്നു് തോന്നുന്നില്ല. അതു് ഇന്നത്തെ സെറ്റപ്പിലുള്ള തകരാറുകൊണ്ടാണു്. ഈ പദ്ധതിയുടെ ആവിഷ്കരണത്തിൽ ഈ പദ്ധതിക്കു വേണ്ട സഹകരണം ചെയ്യുന്നതിനും മറ്റും ജനാധിപത്യ സിദ്ധാന്തം അനുസരിച്ചു് ഡിസ്ട്രിക്റ്റ് കമ്മറ്റികൾക്കും ഗവണ്മെന്റിനും ഉത്തരവാദിത്വം ഉണ്ടെന്നു് പറഞ്ഞിട്ടുണ്ടു്. ആ ഉത്തരവാദിത്വം നിറവേറ്റുന്നതിനു് തക്ക വിധത്തിൽ ഈ ഗവണ്മെന്റു് പ്രവർത്തിച്ചിട്ടുള്ളതായി തോന്നുന്നില്ല. നിയോജകമണ്ഡലങ്ങളുടെ കാടിസ്ഥാനത്തിൽ ഞാൻ ഇതു പറയുകയല്ല. ചീഫ് മിനിസ്റ്റർ പറയുന്നതു് നമ്മുടെ ജനസംഖ്യാനുപാത പ്രകാരം 55 കോടി രൂപ നമുക്കു് കിട്ടേണ്ടിയിരുന്നു എന്നും പക്ഷേ 75 കോടിരൂപയാണു് കിട്ടിയിട്ടുള്ളതു് എന്നും ആണു്. ഈ സഭയിലെ ഒരംഗമായിരുന്ന മി. എം. എൻ. ഗോവിന്ദൻ നായർ അന്നു തന്നെ ഇതിനെക്കുറിച്ചു പറയുക ഉണ്ടായി. അതായതു നമ്മുടെ ജനസംഖ്യക്കനുസരിച്ചു് നമുക്കു 75 കോടിരൂപ കിട്ടുവാൻ അവകാശം ഉണ്ടെന്നു് അന്നതിനെ ഇന്നത്തെമുഖ്യമന്ത്രി പുച്ഛിച്ചുതള്ളിയാണു ചെയ്തതു്. അതിനാൽ ഇതു് ചീഫ് മിനിസ്റ്ററുടെ പ്രത്യേക വാദം കൊണ്ടാണു് ലഭിച്ചതെന്നു ഞാൻ വിചാരിക്കുന്നില്ല. മറ്റുപലതും പരിഗണിക്കപ്പെടേണ്ടതാണു്. നമ്മുടെ രാജ്യത്തിന്റെ ഉൽപ്പാദനങ്ങൾക്കനുസരിച്ചുള്ള പണം കിട്ടണം അല്ലെങ്കിൽ ഇവിടത്തെ ഉൽപ്പാദനം നിലച്ചുപോകും. തന്മൂലം സാധനങ്ങളുടെ വിലകൂടാൻ ഇടയുണ്ടു്.

മറ്റൊരു വസ്തു ചൂണ്ടിക്കാണിക്കാൻ ഉള്ളതു്, മുഖ്യമന്ത്രി പറയുക ഉണ്ടായി, ടാക്സേഷൻ എന്നു പറയുന്നതു് വെറും അഡ്ജസ്റ്റ്മെന്റ് ആണെന്നു്. എന്നാൽ അങ്ങനെയല്ല ഇതിൽ കാണിച്ചിരിക്കുന്നതു് മൂന്നു് കോടി രൂപ, പുതിയനികുതി ഈടാക്കാൻ പദ്ധതിയിൽ പറഞ്ഞിട്ടുണ്ടു്. ചേത്തലയിലും മറ്റും ചില സൂക്ഷ്മുകളും കല്ലുകളും ഇടുന്നതിനു പണം ചെലവാക്കുന്നുണ്ടെന്നും അതനുസരിച്ചു് പുതിയ നികുതി ചുമത്താനുദ്ദേശിക്കുന്നുണ്ടെന്നും കാണുന്നുണ്ടു്. അതുകൊണ്ടു് ഇതു് വെറും അഡ്ജസ്റ്റ്മെന്റ് അല്ല. പുതിയ നികുതിതന്നെയാണു്. ഈ പുതിയ

LIBRARY ARCHIVES Kerala Legislative Assembly

നികുതി ജന്മികളോടാണോ. പാട്ടക്കാരോടാണോ ഈടാക്കുന്നത് എന്ന് അറിയണം. കൃഷിക്കാരൻ നികുതികൊടുത്തു മുടിയുകയാണ്. ഇത്രയും കാര്യങ്ങൾ ഗവണ്മെൻറിട്ടിയിൽ പെടുത്തികൊള്ളുന്നു.

ശ്രീ. പ്രാക്കുളം ജോസി : സർ, എനിക്ക് കിട്ടിയിരിക്കുന്ന ചുരുങ്ങിയ സമയംകൊണ്ട്, പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം പറയാമെന്നുള്ളതാണ്. ഈ സഭ ഒന്നാം പഞ്ചവത്സര പദ്ധതിയെപ്പറ്റി ചർച്ച ചെയ്തു. 2029 കോടിയുടെ ബഡ്ജറ്റുണ്ടായിരുന്ന ആ പദ്ധതിയിൽ നമുക്ക് 30 കോടി രൂപയുടെ അലോട്ടുമെൻറുണ്ടായിരുന്നു. ഇപ്പോൾ 4000-ൽ ചിലവാനം കോടിയുള്ള രണ്ടാം പഞ്ചവത്സരപദ്ധതിയിൽ നമുക്ക് 60 കോടി രൂപയെങ്കിലും കിട്ടണമെന്നുള്ളതു കേവലം ന്യായം മാത്രമാണ്. മറ്റു സംസ്ഥാനങ്ങളിൽനിന്നും പ്ലാനിംഗ് കമ്മീഷനിലേക്ക് അവതരിപ്പിച്ചിട്ടുള്ള പ്ലാനുകളിൽ അവർ വേണ്ടത്ര ശ്രദ്ധയോടുകൂടി ഡാറ്റാകളെക്റ്റ് ചെയ്ത് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇവിടെനിന്നും സമർപ്പിച്ചിട്ടുള്ള കരട് പദ്ധതി ആസൂത്രണം ചെയ്യുന്നതിൽ വേണ്ടത്ര ഗൌരവബോധവും, ശ്രദ്ധയും ഉണ്ടായിരുന്നില്ല. ഇതിൽ ഞാൻ മന്ത്രിമാരെമാത്രം കുറ്റപ്പെടുത്താനാരുങ്ങുകയല്ല. ചീഫ് സെക്രട്ടറി, ഡെവലപ്പുമെൻറ് കമ്മീഷണർ ഇവരെയാണ് കുറ്റപ്പെടുത്തുന്നത്. അവരാണ് ഇതിനുള്ള കരട് തയാറാക്കുന്നത്. നല്ല ഗ്ലോസ്ഡ് പേപ്പറിൽ ചിത്രങ്ങളോടുകൂടിയ ഒരു പ്ലാൻ സമർപ്പിച്ചിട്ട് അതു പാസ്സാക്കിത്തരണമെന്നു പറഞ്ഞാൽ പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചുകളയുമെന്നു വിചാരിച്ചതു മൌഢ്യമാണ്. അങ്ങനെ ഗ്ലോസ്ഡ് പേപ്പറിൽ നല്ല ചിത്രങ്ങളോടുകൂടി ഒരു പ്ലാൻ സമർപ്പിച്ചിട്ട് ഞങ്ങൾക്ക് 132 കോടി രൂപ കിട്ടണമെന്നു പറഞ്ഞതു. അവർ അതു 75 ആക്കി വെട്ടിക്കുറച്ചു. സെൻട്രൽ ഗവണ്മെൻറ് രൂപീകരിച്ചിരുന്ന സ്റ്റാഡ്ഗിൽകമ്മിറ്റിതന്നെ പ്ലാനിംഗിന്റെയും മറ്റും ചാർജ്ജു വഹിക്കുന്നതിനു ഡെവലപ്പുമെൻറ് കമ്മീഷനെ നിയമിക്കണമെന്നും അദ്ദേഹം ഒരു സീനിയർ ഐ. എ. സ്. ഉദ്യോഗസ്ഥനായിരിക്കണമെന്നും അദ്ദേഹം അഡിഷണൽ ചീഫ് സെക്രട്ടറിയുടെ ജോലികൂടി, ഇതിനെ സംബന്ധിച്ചിടത്തോളം നോക്കേണ്ടയാളാണെന്നും പറഞ്ഞിട്ടുണ്ട്. പക്ഷെ, ഈ സംസ്ഥാനത്തു ചീഫ് സെക്രട്ടറിയെത്തന്നെയാണ് ഡവലപ്പുമെൻറ് കമ്മീഷണറായി നിയമിച്ചതു. വേണ്ട സമയത്തിനു നമ്മുടെ പദ്ധതികളൊന്നും അവിടെ അയയ്ക്കാതെ, നമ്മുടെ ജനങ്ങളെ പദ്ധതികളെന്നും മറ്റും പറഞ്ഞു കബളിപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു. വേണ്ടത്ര ശ്രദ്ധയോടുകൂടി പദ്ധതികൾ സമർപ്പിക്കാത്തതുകൊണ്ടാണ് ഇങ്ങനെ 75 കോടിയായി പ്ലാനിംഗ് കമ്മീഷൻ വെട്ടിക്കുറച്ചതെന്നാണ് ഞാൻ അറിയുന്നതു. പബ്ലിക്ക് ഹെൽത്തും മെഡിക്കലും വകുപ്പിലെ കേന്ദ്രഗവണ്മെൻറ് സെക്രട്ടറി ഇവിടത്തുകാരനായിരുന്നതുകൊണ്ട് അദ്ദേഹം അതിനു കൊള്ളിച്ചിരുന്നതുക മുഴുവനും അതുപോലെ അനുവദിച്ചു. ബാക്കിയുള്ള ഐറ്റത്തിനുള്ളതെല്ലാം വെട്ടിക്കുറച്ചു. യു. എൻ. ഒ. യിൽ ഇൻഡ്യൻ ഡെലിഗേഷൻ പോയതുപോലെ മന്ത്രി കൊച്ചുകുട്ടൻ ഒഴിച്ചുള്ള മന്ത്രിമാരും വകുപ്പു സെക്രട്ടറിമാരും ഡൽഹിയിൽ പോയി. സമയത്തിനു ഡാറ്റായും ഒന്നും കൊടുക്കാതെ എന്തിനാണ് ഇങ്ങനെ പോയതെന്നു അറിയുന്നില്ല. നവംബർ 20-ാംതീയതിക്കുമുമ്പ് ഇവിടത്തെ തൊഴിലില്ലായ്മയെക്കുറിച്ചുള്ള സ്റ്റേറ്റ് ഗവണ്മെൻറിന്റെ പദ്ധതികൾ അയയ്ക്കണമെന്നു നിർദ്ദേശമുണ്ടായിരുന്നിട്ടും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ഭാസി]

അതൊന്നും ഇന്നുവരെ അയച്ചില്ല. അതെല്ലാം സമയത്തിന് അയച്ചിരുന്നെങ്കിൽ നമുക്ക് നാം ആവശ്യപ്പെട്ട തുക കിട്ടുമായിരുന്നു. അതൊന്നും ചെയ്യാതെ പ്രാബ്ലം സ്റ്റേറാണെന്നു പറയുന്നതുകൊണ്ട് എന്താണു പ്രയോജനം? നമുക്ക് 55 കോടിയേ ഉണ്ടായിരുന്നുള്ളൂ എന്നും വളരെ ശക്തിയായി മുഖ്യമന്ത്രി വാദിച്ചതുകൊണ്ടാണ് പത്തിരുപതു കോടി കൂടി കിട്ടിയതു് എന്നും മറ്റും പേപ്പറിൽ വായിക്കുകയുണ്ടായി. എന്നാൽ ഞാൻ പറഞ്ഞതുപോലെ അതല്ല കാര്യം. ഒന്നരണ്ടു വകുപ്പുകളുടെ സെക്രട്ടറിമാരായി ഇവിടുത്തുകാർ ഉണ്ടായിരുന്നതുകൊണ്ട് നമുക്ക് ആ ഇനത്തിൽ കുറയാതെ കിട്ടി എന്നുള്ളതാണ് പരമാർത്ഥം.

ഇനി വിദ്യാഭ്യാസ പദ്ധതിയെക്കുറിച്ചു നോക്കാം. നമ്മുടെ സംസ്ഥാനം മറ്റു സംസ്ഥാനങ്ങളെക്കാൾ വിദ്യാഭ്യാസത്തിൽ മുന്നിട്ടു നിൽക്കുന്നു എന്നുള്ളതു പരമാർത്ഥമാണ്. അതുകൊണ്ട് ഈ സംസ്ഥാനത്തേക്കുദ്ദേശിച്ചു വച്ചിട്ടുള്ള തുക ബാക്കിയുള്ള സംസ്ഥാനങ്ങളിലേക്കു ചെലവഴിച്ചു ഈ സംസ്ഥാനത്തോടൊപ്പം ആക്കുവാൻ പോകുകയാണോ സർ. അതുവരെ ഇവിടത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാം അടച്ചിടുവാൻ പോകുകയാണോ? അങ്ങിനെ ഇവിടത്തെ പള്ളിക്കൂടങ്ങളും കോളേജുകളും അടച്ചു പൂട്ടുവാൻ വല്ല പദ്ധതിയുമുണ്ടോ? ഇങ്ങനെ 15 കോടി രൂപ വിദ്യാഭ്യാസത്തിനുവേണ്ടി ഉദ്ദേശിച്ചു വച്ചിരുന്നതു് ഒൻപതു കോടി രൂപയായി വെട്ടിക്കുറയ്ക്കുവാൻ സാധിച്ചതു് എന്തുകൊണ്ടാണു സർ?

ഇനി കമ്മ്യൂണിക്കേഷന്റെ കാര്യത്തെപ്പറ്റി പറയുകയാണെങ്കിൽ അതും ഇതുപോലെ പറയുവാനുണ്ട്. നമുക്ക് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് കൂടുതൽ റോഡുകളും ഉണ്ടു്; കൂടുതൽ പാലങ്ങളും ഉണ്ടു് എന്നെല്ലാമാണു് സമാധാനം പറയുന്നതു്. നമുക്കു് കൂടുതൽ റോഡുകളും പാലങ്ങളും എല്ലാമുള്ളതുകൊണ്ടും കൂടുതൽ പഠിപ്പുള്ളതുകൊണ്ടും നാം അവരോടു മാപ്പു പറയണോ? അതുപോലെതന്നെ ഇവിടെ കുറെ ടാർ ഇട്ട റോഡുകളും ഉണ്ടെന്നു പറയുന്നു. ഈ ടാറിട്ട റോഡുകളും റിപ്പയർ ചെയ്യേണ്ട സർ. ഇങ്ങനെ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു വലിയ തുക വെട്ടിക്കുറച്ചുകഴിഞ്ഞിരിക്കുകയാണു്. (ബെൽ)

ശ്രീ. പി. എം. മക്കോസ് : സർ, ഒരു പായിന്റ് ആഫ് ആർഡർ. ഈ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ 154 ലക്ഷം രൂപ ഇവിടത്തെ പട്ടികജാതിക്കാരുടെയും, പിന്നാക്ക സമുദായക്കാരുടെയും ഉന്നമനത്തിനായി മാറ്റിവച്ചിട്ടുണ്ടെന്നു കാണുന്നു. എന്നാൽ ഈ അവസരത്തിൽ പിന്നാക്ക സമുദായക്കാരുടെ 13 എം. എൽ. എ. മാരും പട്ടികജാതിക്കാരുടെ രണ്ടു എം. എൽ. എ. മാരും ഈ സഭയിലുണ്ട്. ഈ സമുദായങ്ങളെ സംബന്ധിക്കുന്നതും അവയുടെ പോരായ്മകളെ സംബന്ധിക്കുന്നതുമായ എന്തെങ്കിലും ഈ സഭയുടെ മുമ്പിൽ വയ്ക്കുന്നതിനു ഞങ്ങൾക്കാർക്കും സന്ദർഭം തരാതിരിക്കുന്നതിൽ വലിയ സങ്കടമുണ്ട്. അതിലേക്ക് അഞ്ചുമിനിട്ടു സമയമെങ്കിലും ഈ അവസരത്തിൽ കൊടുക്കേണ്ടതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതൊരു പായിന്റ് ആഫ് ആർഡറല്ല. നേരത്തേതന്നെ പട്ടികജാതിക്കാരായ എം. എൽ. എ. മാർക്ക് സംസാരിക്കുന്നതിനു സമയം വേണമെന്നു് സ്പീക്കറോടു പറഞ്ഞു. അങ്ങനെ സമയം

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങാമായിരുന്നു. അതുകൊണ്ട് മനപൂർവ്വം കൊണ്ടോന്നും പട്ടിക ജാതിക്കാരായ എം. എൽ. എ. മാരെ വിളിക്കാതിരുന്നതല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : പലരും എഴുന്നേറ്റു. പക്ഷെ കണ്ടില്ല എന്നുള്ളതാണ സത്യം.

ശ്രീ. പി. വിശ്വംഭരൻ : ശ്രീ. കെ. ഠാച്ചുകുട്ടൻ പട്ടിക ജാതി യിൽപ്പെട്ട ആളല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഇന്നലെ ഞാൻ ഇവിടെ ചർച്ചയ്ക്കായി അവതരിപ്പിച്ച പ്രമേയത്തെ സംബന്ധിച്ച പ്രസ്താവിച്ച സന്ദർഭത്തിൽ സ്റ്റേറ്റഗവണ്മെൻറുകളുടെ പ്ലാനുകൾക്കുവേണ്ടി ചെലവാക്കാനുള്ള സംഖ്യ പ്രതീക്ഷയിൽ നിന്നും കുറവായി വെട്ടിക്കുറച്ചു കഴിഞ്ഞിട്ടുള്ളതുകൊണ്ട് സെൻട്രൽ സെക്ടറിൽനിന്നും ചെലവു ചെയ്യാൻ ഉദ്ദേശിക്കുന്ന സംഖ്യയിൽ ഒരു നല്ല ഭാഗം നമ്മുടെ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി ചെലവാക്കണമെന്ന ആവശ്യപ്പെടുന്ന ഒരു പ്രമേയം ഇവിടെ പാസ്സാക്കുന്നതു നന്നായിരിക്കുമെന്ന അഭിപ്രായപ്പെട്ടു. എന്റെ അഭിപ്രായത്തിൽ ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും അനുകൂലാഭിപ്രായമാണുണ്ടായിട്ടുള്ളതു്. ആ അനുകൂലത്തെ ആസ്പദമാക്കി സർ, ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുകയാണു്. ഇതു് സഭ ഏകകണ്ഠമായി പാസ്സാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. സർ, ഇതാണു പ്രമേയം.

"This Assembly regrets to note that considerable reduction has been made in the provisions proposed under the Second Five Year Plan of the State and resolves that in consideration of the special problems of the State, the Government of India be requested to allot for investment in this State a large share of the amount set apart for investment in the Central Sector of the Second Five Year Plan of India".

ശ്രീ. എ. ജെ. ജോൺ : ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഈ വിഷയത്തെപ്പറ്റി പറയുന്നതിനുമുമ്പെ ഒരു പ്രധാനമായ കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു.

[1.30 P.M.]

മിനിസ്ട്രിയുടെ ഈ സഭയിൽ കേരളസംസ്ഥാനം സ്ഥാപിക്കണമെന്നുള്ള അഭിപ്രായം ഐകകണ്ഠ്യേന രേഖപ്പെടുത്തുകയുണ്ടായി. സ്റ്റേറ്റ് റിഓർഗനൈസേഷൻ കമ്മിഷനറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പ്ലാനുകൾക്കെല്ലാം എന്തു ഭവിക്കും എന്നൊരു സംശയം ഉണ്ടായിട്ടുണ്ട്. കേരളസംസ്ഥാനം വരാൻപോകുന്നതുകൊണ്ടും മറ്റും രണ്ടാം പഞ്ചവത്സരപദ്ധതി അനുസരിച്ചുള്ള ചർച്ചകളും തീരുമാനങ്ങളും നടത്തിവയ്ക്കണമെന്നാണു് എന്നുപോലും ചില ബഹുമാന്യനേതാക്കന്മാർ പ്രസ്താവിക്കുകയുണ്ടായി. ഈ വിഷയത്തെപ്പറ്റി അധ്യക്ഷൻ എസ്. ആർ. സി. റിപ്പോർട്ടിനെപ്പറ്റി വാദപ്രതിവാദങ്ങൾ നടത്താൻവേണ്ടി ഡൽഹിയിൽ വച്ചു കൂടിയ മുഖ്യമന്ത്രിമാരുടെ സമ്മേളനം നടന്ന അവസരത്തിലും പ്ലാനിംഗ് കമ്മിഷനുമായുണ്ടായ സംഭാഷണവേളകളിലും ചില അഭിപ്രായങ്ങൾ പൊന്തിവരികയും ചില തീരുമാനങ്ങൾ ഉണ്ടാകയും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ചെയ്തിട്ടുണ്ട്. ആ തീരുമാനം ഇതാണ്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിനു നിശ്ചയിച്ചിട്ടുള്ള തുകകൾ, ഇന്നു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ ഏതെല്ലാം ഭൂവിഭാഗങ്ങൾ ആണോ മദ്രാസിലേക്ക് ചേർക്കുവാൻ പോകുന്നതു്, ആ ഭൂപ്രദേശങ്ങൾക്കുവേണ്ടി ചെലവാക്കാനുദ്ദേശിക്കുന്ന തുകകൾ, ആ ഭൂപ്രദേശങ്ങളിൽതന്നെ ചെലവാക്കുന്നതാണ്. അതുപോലെതന്നെ എല്ലാ സ്ഥലത്തും. ഇപ്പോൾ നമ്മുടെ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽനിന്നു ഏതെങ്കിലും പ്രദേശങ്ങൾ വിട്ടുപോകുകയാണെങ്കിൽ നമുക്ക് അലാട്ടു ചെയ്തിട്ടുള്ള സംഖ്യയിൽനിന്നും ന്യായമായ, ശരിയായ വീതം ആ വിട്ടുപോയ പ്രദേശങ്ങളിൽ ചെലവാക്കാൻ ഉദ്ദേശിച്ചിരുന്ന സംഖ്യ മദ്രാസിലെ പ്ലാനുകളുടെ കൂട്ടത്തിൽ കൂട്ടും. ഇങ്ങനെ അഡ്ജസ്റ്റ് ചെയ്യണം എന്നാണ് പ്ലാനിംഗ് കമ്മിഷൻ പറയുന്നതു്. മദ്രാസിൽനിന്നും അതനുസരിച്ചുള്ള വീഗം നമുക്കു കിട്ടും. ബാക്കിയുള്ള സംഖ്യ ബാക്കിയുള്ള പ്രദേശങ്ങളിൽതന്നെ ചെലവു ചെയ്യും. അതുപോലെ തന്നെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തോടു മദ്രാസ് സംസ്ഥാനത്തിൽ നിന്നും ഏതാനും ഭാഗങ്ങൾ ചേരുമ്പോൾ മദ്രാസ് സംസ്ഥാനത്തിലെ പ്ലാനിൽനിന്നും ആവിതാനമുക്കു ലഭിക്കും. ഇതാണ് തീരുമാനം ഉണ്ടായിട്ടുള്ളതു്. ഈ തീരുമാനമനുസരിച്ചു കേരളസംസ്ഥാനം വരുന്ന സന്ദർഭത്തിൽ ഇവിടെ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ അങ്ങനെയായി ഇവിടെ നടക്കാതിരിക്കുകയില്ല.

പമ്പയിൽ ഒരു ഹൈഡ്രോഇലക്ട്രിക് പദ്ധതി, പെരിങ്ങൽകുത്തു പദ്ധതി, പന്നിയാർ പദ്ധതി, ഭൂതത്താൻകെട്ടുപദ്ധതി ഇതെല്ലാം ഈ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ പല നഗരസംവിധാനങ്ങളും ഉദ്ദേശിക്കുന്നുണ്ട്. ഗ്രാമങ്ങളിൽ വൈദ്യസഹായത്തിനും ഗതാഗത വികസനത്തിനും വളരെ അധികം സംഖ്യകൾ നാം പ്രതീക്ഷിക്കുന്നുണ്ട്. പ്ലാനിംഗ് കമ്മിഷൻ ഈ ഭൂപ്രദേശത്തെ പ്രത്യേകപരിതസ്ഥിതികൾ മനസ്സിലാക്കി ഇതിനെ ഇയർമാർക്ക് ചെയ്തിരിക്കുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഈ രണ്ടാംപഞ്ചവത്സരപദ്ധതിക്ക് 75.63 കോടി രൂപയാണ് ചെലവാക്കാനുദ്ദേശിക്കുന്നതു്. ഈ 75.63 കോടി രൂപ എവിടെനിന്ന് ഉണ്ടാകുമെന്നു പറഞ്ഞില്ല. ജനങ്ങളിൽനിന്നും വായ്പ എടുത്താണോ, അതോ പുതിയ നികുതി ചുമത്തിയാണോ; സെൻട്രൽ ഗവണ്മെന്റിൽനിന്നും തരുമോ, അതോ സെൻട്രൽ ഗവണ്മെന്റിൽനിന്നും ലോണായിട്ടു വാങ്ങിക്കുകയാണോ; അങ്ങനെയാണെങ്കിൽ അതു വീട്ടാനുള്ള മാർഗ്ഗങ്ങൾ, ഇവയെപ്പറ്റി ഒന്നും പറഞ്ഞതായി കൊള്ളാം.

[MR SPEAKER IN THE CHAIR]

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ പറയുന്നതു അവസാനിക്കട്ടെ. അതൊക്കെ നോക്കി ഒപ്പിച്ചുകൊള്ളാം. മലബാർ ഡിസ്ട്രിക്റ്റിലേക്കു വളരെ ഏറെ വികസനം ആവശ്യമായതുകൊണ്ടു് ചില സ്പെഷ്യൽ അലാട്ടുമെന്റ് വേണമെന്നു എസ്. ആർ. സി. റിപ്പോർട്ടിന്റെ വാദപ്രതിവാദം നടത്തുന്ന അവസരത്തിൽ പറയുകയുണ്ടായി. അങ്ങനെയും ചെയ്യേണ്ടതായി വന്നേക്കാം. അതല്ലെങ്കിൽ പലവിധത്തിലുള്ള വിഷമങ്ങൾ ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ, ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടതു രണ്ടായിരത്തിൽ ചില്വാനം കോടി രൂപ ഈ പ്ലാനകാലയളവിനുവേണ്ടി സെൻട്രൽ സെക്ടറിൽ ഇൻവെസ്റ്റ് മെൻറുണ്ട്; അതിന്റെ സാമാന്യമായ, ന്യായമായ ഒരു വീതംകൂടിയെങ്കിലും നമ്മുടെ സംസ്ഥാനത്തിനുവേണ്ടി ഇൻവെസ്റ്റ് ചെയ്യണമെന്നുള്ളതാണ്. ആ പ്രമേയത്തോട് ഈ സഭയിലെ എല്ലാ ഭാഗത്തുമുള്ള അംഗങ്ങളും യോജിക്കുന്നു. ഈ സംസ്ഥാനത്തെ പ്ലാനകാലയളവിനുവേണ്ടി 75.63 കോടി രൂപയാണു ലഭിച്ചിട്ടുള്ളത്. ഇനിയും എത്രയോ കോടി രൂപ അലാട്ട് ചെയ്യാനിടയുണ്ട്. ഇതിനു പുറമെ പത്തോ നൂറോ കോടി രൂപ കൂടി സെൻട്രൽ സെക്ടറിൽനിന്നും ഈ രണ്ടാം പഞ്ചവത്സരപദ്ധതിക്കുവേണ്ടി നാം ആവശ്യപ്പെടേണ്ടതാണ്. അങ്ങനെയാണെങ്കിൽ നമ്മുടെ രാജ്യത്തെ പലവിധത്തിലുള്ള പ്രശ്നങ്ങളും പരിഹരിക്കുന്നതിനു സാധിക്കുന്നതാണ്. ആ വിധത്തിലുള്ള ഒരു നിവേദനം ഇൻഡ്യാഗവണ്മെൻറിന്റെ അടുത്തു പലപ്പോഴും ചെയ്തിട്ടുണ്ട്. അതിനു അനുഭാവപൂർവ്വമായ മറുപടിയും ഉണ്ടായിട്ടുണ്ട്. ഈ നിയമസഭയിലെ എല്ലാ വിഭാഗങ്ങളിലുമുള്ള അംഗങ്ങളും ഈ പ്രമേയത്തോട് അനുകൂലിക്കുന്നതു് എനിക്കു് അത്യന്തം സന്തോഷപ്രദമായ കാര്യമാണ്. അതു ഗവണ്മെൻറിന്റെ പ്രവർത്തനരംഗത്തിനു് ശക്തി കൂട്ടുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാകുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

ബഹുമാനപ്പെട്ട മെമ്പർ പി. എസ്സ്. നടരാജപിള്ളയും മി. വിവേകാനന്ദനും ഇപ്പോൾ മി. ചാഴിക്കാടനും നമ്മുടെ റിസോഴ്സസ്സിനെപ്പറ്റി ചോദിക്കുകയുണ്ടായി. നമ്മുടെ ഈ ഡ്രാഫ്റ്റ് പുസ്തകം പരിശോധിച്ചു നോക്കിയാൽ ചില കണക്കുകളിൽ വ്യത്യാസമുണ്ടെന്നു ഒരാൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. സർ, ഇവിടെ പ്രചരിപ്പിച്ചതു ഒരു ഡ്രാഫ്റ്റ് പുസ്തകമാണ്. ഇപ്പോൾ നാം ഇൻഡ്യാഗവണ്മെൻറിന്റെ തീരുമാനം നോക്കണം. അവരുടെ തീരുമാനമനുസരിച്ചു 75 63 കോടി രൂപയാണു അനുവദിച്ചിട്ടുള്ളതു്. അതു് ഏതു വിധത്തിൽ ഉണ്ടാക്കണമെന്നുള്ള സ്പ്ലിറ്റപ്പ് ഈ വിധത്തിലാണ്. 75.63 കോടി രൂപ അഞ്ചുകൊല്ലംകൊണ്ടു് ഉണ്ടാക്കേണ്ടതാണു സർ. സർപ്ലസ് ആൻ റവന്യൂ അക്കൗണ്ടിൽ 8.7 കോടി രൂപ ഉണ്ടാകുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അതു ഇവിടത്തെ ഫൈനാൻഷ്യൽ ഡിപ്പാർട്ടുമെൻറു കാണിക്കുകയും ഇൻഡ്യാഗവണ്മെൻറും ഫൈനാൻസു ഡിപ്പാർട്ടുമെൻറും പ്ലാനിംഗ് കമ്മിഷനും അതു പരിശോധിക്കുകയും അപ്രൂവ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. അതുപോലെ സർപ്ലസ് ആൻ ക്യാപ്പിറൽ അക്കൗണ്ടിൽ ഇനത്തിൽ 3.3 കോടി രൂപ കൂടി ഉണ്ടാകും.

ശ്രീ. യു നീലകണ്ഠൻ : ഫൈനാൻഷ്യൽ സ്റ്റേറ്റുമെൻറു എന്ന പുസ്തകത്തിൽ, ഫസ്റ്റ് ഡ്രാഫ്റ്റ് മെൻറു റിസോഴ്സസ്സ് എന്നുള്ളതിൽ സർപ്ലസ് ആൻ ക്യാപ്പിറൽ അക്കൗണ്ട് എന്ന ഇനത്തിൽ 8.7കോടി രൂപ എന്നു കാണിച്ചിട്ടുള്ളതു എത്ര തുകയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഞാൻ ആദ്യം പറഞ്ഞതുതന്നെയാണ്. പിന്നെ ഈ അഞ്ചു കൊല്ലത്തിനുവേണ്ടി അഡീഷണൽ ടാക്സേഷൻ എന്ന ഇനത്തിൽ ഒരു 4 8 കോടി രൂപ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നുണ്ട്. അതായതു്, ആ ഇനത്തിൽ ഒരു കോടി രൂപയിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

താഴെ ഓരോ കൊല്ലവും ഉണ്ടാകും. പിന്നെ സെയിൽ ആക്ട് സെക്ഷനിൽനിന്ന രണ്ടുകോടിരൂപ ഉണ്ടാക്കാമെന്ന കണക്കാക്കിയിട്ടുണ്ട്. ഈ അഞ്ചുകൊല്ലത്തിനിടയ്ക്ക് ആവശ്യംപോലെ പൊതുജനങ്ങളിൽനിന്ന കടമെടുത്ത 11കോടി രൂപ ഉണ്ടാക്കാമെന്ന പ്രതീക്ഷിക്കുന്നു. പിന്നെ സെൻട്രൽ ഗവണ്മെൻറിൽനിന്നും വായ്പയായും ഗ്രാൻറായും 45.8 കോടി രൂപ കിട്ടുമെന്ന പ്രതീക്ഷിക്കുന്നു. അതു കിട്ടാതിരിക്കുകയില്ല. നമ്മുടെ ഫിഃസാഴ്സസ്സ് അവർ അപ്രൂവു ചെയ്തു. അതായത് 75.63 കോടി രൂപയുടെ പ്ലാൻ അവർ അപ്രൂവ് ചെയ്തിട്ടുണ്ട്. 45.8 കോടി രൂപ ഗ്രാൻറായും ലോണായും .....

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഗ്രാൻറായി തരുന്ന തുക അവർക്ക് തിരിച്ചു കൊടുക്കണ്ടല്ലോ. എന്നാൽ ലോണായി ഇത്ര തുക ; ഗ്രാൻറായ് ഇത്ര തുക എന്നു പറഞ്ഞിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വേണ്ട അവർ ഗ്രാൻറ തരികയാണ്. ഈ നാല്പത്തിയഞ്ചുകോടി രൂപയിൽ ഓരോ ഇനവും ഇത്ര എന്നു തീരുമാനിക്കപ്പെട്ടിട്ടില്ല. അവർ ലോണും ഗ്രാൻറും എല്ലാം കൂടി അസിസ്റ്റൻസ് എന്നാണ് ഉപയോഗിച്ചു വരുന്നത്. അപ്പോൾ ഈ 45 കോടി രൂപയുടെ അസിസ്റ്റൻസിൽ കുറെ ലോണായും കുറെ ഗ്രാൻറായിട്ടും ആണ്. അങ്ങനെ 75.63 കോടി രൂപായാണുദ്ദേശിക്കുന്നത്.

ഇപ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾ പലരും ചെയ്ത പ്രസംഗങ്ങൾക്ക് സമഗ്രമായ മറുപടി പറയുന്നതിനുള്ള സന്ദർഭമില്ല. എന്നാലെന്നാവച്ചാൽ ഗവണ്മെൻറിനും അനുകൂലപ്രതിപക്ഷമെന്നും വ്യത്യാസം കൂടാതെ നമ്മുടെ ഭാവിയെപ്പറ്റി നാം ആലോചിക്കുന്നതിനാണ് ഈ ചർച്ച നടത്തിയിട്ടുള്ളത്.

ശ്രീ. പി. ആർ. മാധവൻ പിള്ള : കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവു തടയാതിരുന്നാൽ ജനങ്ങളുടെ ജീവിത നിലവാരം ഈ അഞ്ചു കൊല്ലംകൊണ്ടു ഉയരുമെന്നു കണക്കാക്കുന്നതെങ്ങനെയാണെന്നു ഒന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ജനങ്ങളുടെ ജീവിതത്തോതു ഉയർത്തുന്നതിനെക്കുറിച്ചു ഞാൻ വഴിയെ പറയാം. മി. മാധവൻ പിള്ള സംസാരിക്കുമ്പോൾ സാധാരണയായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് ഇപ്പോൾ എന്നല്ലാ പലപ്പോഴും ചോദിക്കാറുള്ളത്.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഇവിടത്തെ ജനങ്ങളുമായി വളരെ ബന്ധമുള്ള കാര്യമായതുകൊണ്ടു ചോദിക്കുകയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ജനങ്ങളോടു വളരെ ബന്ധമുള്ള കാര്യങ്ങൾക്കുവേണ്ടിയാണ് ഗവണ്മെൻറ പ്രവർത്തിക്കുന്നത്. ഈ വക സംഗതികൾ ഒരു ആലോചനാവിഷയമാക്കുമ്പോൾ ചില ആക്ഷേപങ്ങളും ഉണ്ടാകാം. ഈ പ്ലാൻ വിജയകരമായി പ്രവർത്തിക്കണമെന്നുള്ളതിനെപ്പറ്റി എല്ലാവരും സംസാരിച്ചിട്ടുള്ളതാണെന്നു ഞാൻ കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. മാധവൻപിള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഫ്ളഡ് കൺട്രോളിനെപ്പറ്റി പറയുകയുണ്ടായി. നേരിലേയ്ക്ക് 40 ലക്ഷം രൂപയ്ക്കുള്ള പുതിയ സ്കീമുകൾ ഇപ്പോൾ ഇൻഡ്യാഗവണ്മെന്റിലേയ്ക്ക് അയയ്ക്കുന്നുണ്ട്. ഫ്ളഡ് കൺട്രോളിന്റെ കാര്യം തീരുമാനിക്കപ്പെട്ടിട്ടില്ലായെന്നു ഞാൻ പറഞ്ഞു. അതിൽ ഈ കല്ലടയാറിന്റെ കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

പിന്നെ ഈ പദ്ധതികൊണ്ട് അങ്ങ് എംപ്ലോയിമെന്റ് കൊടുക്കുമെന്നുള്ള വിചാരം ശരിയല്ലായെന്നു ചിലർ പറയുകുണ്ടായി. ഇവിടെ എംപ്ലോയ്മെന്റ് എത്രകണ്ടു ഉണ്ടാക്കാമെന്നു ചില തത്പരകക്ഷികളെ അടിസ്ഥാനമാക്കി വിവരങ്ങൾ ശേഖരിച്ചു ഉണ്ടാക്കിട്ടുള്ളതാണ്. അതു ഉണ്ടാക്കിയതു 130 കോടി രൂപ ഇൻവെസ്റ്റ് ചെയ്താൽ എത്ര കണ്ടുണ്ടാകുമെന്നുള്ള നിലയിലായിരുന്നു. എന്നാൽ ആ തുക വെട്ടിക്കുറച്ചതുകൊണ്ടു അങ്ങനെ റിവൈസ് ചെയ്താൽ എത്രത്തോളം ആളുകൾക്ക് തൊഴിൽ കിട്ടും എന്നുള്ളതിനെപ്പറ്റിയുള്ള കണക്കു പുതിയതായിട്ടില്ല. കഴിയുന്നിടത്തോളം ആളുകൾക്കു ജോലി കിട്ടത്തക്കവണ്ണം പ്രവർത്തിക്കുന്നതാണ്.

പിന്നെ പ്രൊഫസർ മുണ്ടശ്ശേരിയും മറ്റു പല ആളുകളും ഈ പദ്ധതിയുടെ വിജയത്തിനു നമ്മുടെ ഈ ഭരണ്മിനിസ്ട്രേറ്റീവ് സെറ്റപ്പ് മതി. മാറ്റേണ്ടതാണെന്നു പറയുകയുണ്ടായി. നമ്മുടെ ഈ പ്ലാൻ വിജയിക്കണമെന്നുണ്ടെങ്കിൽ അതു കുറെ അത്യാവശ്യമായ കാര്യവുമാണ്.

പിന്നെ ഈ പ്ലാനിൽ ചില താലൂക്കുകളും ചില ഡിസ്ട്രിക്ടുകളും ഒക്കെ തള്ളിക്കളഞ്ഞിരിക്കുന്നു എന്നു പലരും പറയുകയുണ്ടായി. അങ്ങനെ തള്ളിക്കളയുകയുണ്ടായിട്ടില്ല. അതിനെനിക്കു പറയാനുള്ള മറുപടി ഈക്യം ട്രിറർ സ്കീംസ് അതായതു മേജർ സ്കീമുകളായ എലക്ട്രിസിറ്റിയും, ഹൈഡ്രോ ഇലക്ട്രിക്കു പദ്ധതികളും ഒന്നും തന്നെ കഴിച്ചിട്ടില്ല. കഴിയുന്നതും സമമായി എല്ലാ പ്രദേശങ്ങളിലും വിതരണം ചെയ്യണമെന്നാണ് ഗവണ്മെൻറുദ്ദേശിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ മീഡിയം ഇലക്ട്രിക് സ്കീംസിനു പ്രയോറിറ്റി എങ്ങനെയാണു നിശ്ചയിക്കാൻ പോകുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കാര്യവും ഈ പദ്ധതിക്കു ആരംഭിക്കുന്നതിനു മുമ്പു് വർക്കിംഗ് കമ്മിറ്റിക്കൂടി തീരുമാനിക്കപ്പെടുന്നതാണ്.

ശ്രീ. പ്രകാശം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി, ഒരു പ്രധാനപ്പെട്ട സംഗതിയായ ജീയോളജിയെപ്പറ്റി ഒന്നും ചെയ്തിട്ടില്ലെന്നു്. ജീയോളജിക്കൽ സർവ്വെ എന്നുള്ള ഭാഗത്തു് 'നോ സ്കീം' എന്നു് എഴുതിയിട്ടുണ്ട്. അതു് അപമാനകരമാണെന്നു് അദ്ദേഹം പറഞ്ഞു. പെട്ടെന്നു് കേട്ടപ്പോൾ എനിക്കും അപമാനകരമായി തോന്നി. പക്ഷെ അതിൽ അപമാനകരമായി ഒന്നുമില്ല. അതൊരു സെൻട്രൽ സബ്ജക്ടാണു്. സെൻട്രൽ സബ്ജക്ടു് വരുന്നിടത്തെല്ലാം 'നോ സ്കീം' എന്നു കാണിക്കും. റയിൽവേയുടെ കാര്യം വരുമ്പോൾ അവിടെയും അങ്ങിനെ കാണും. അതുകൊണ്ടാണു് 'നോ സ്കീം' എന്നു് എഴുതിയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വംഭരൻ : ഹാർബർ, ഇലക്ട്രിക് സ്കീംസ്, മേജർ ഇറിഗേഷൻ സ്കീംസ് എന്നിവ സാധിക്കാത്ത സ്ഥലങ്ങളിൽ മറ്റു വികസനപ്രവർത്തനങ്ങൾ കൂടുതലായി ഏർപ്പെടുത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ തീരുമാനിച്ചാൽ അബദ്ധമായിരിക്കും. ഹാർബർ, ഇലക്ട്രിക് സ്കീംസ് എന്നിവ തുടങ്ങുന്ന ആ പ്രദേശത്തേയ്ക്കുള്ളതല്ല, സ്റ്റേറ്റ് ലേക്കു മുഴുവനുമാണ്. മേജർ ഇറിഗേഷൻ സ്കീമും അതുപോലെതന്നെ പല സ്ഥലങ്ങളേയും ബാധിക്കുന്നതാണ്.

ശ്രീ. ആർ. പ്രകാശം: സെൻട്രലിലെ സ്കീമിൽ വക്കലയിലെ ലിഗ്നൈറ് ഉൾപ്പെടുത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുള്ള എല്ലാ ശ്രമങ്ങളും ചെയ്യും. ശ്രീ. പ്രകാശം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള പ്രീകാര്യമായ കാര്യങ്ങളും, ജിയോളജിക്കൽ സർവ്വേയും, ലിഗ്നൈറും സ്വീകരിച്ചു. നമ്മുടെ രാജ്യത്തിനു് എത്രമാത്രം ഇന്ധനം വരുത്താൻ സാധിക്കുമോ അത്രയും ഇന്ധനം വരുത്തണമെന്നാണു് ആഗ്രഹം.

ശ്രീ. നീലകണ്ഠൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഭൂതത്താൻകെട്ടിൽ വേണ്ടിടത്തോളം വെള്ളം ഉണ്ടാകുമോ എന്നു് സംശയിക്കുന്നതായി പറഞ്ഞു. ഇൻവെസ്റ്റിഗേഷൻ നടത്തിയ ശേഷമാണു് സ്കീംസ് എടുക്കുന്നതു്. അതുകൊണ്ടു് അതിൽ സംശയത്തിനവകാശമുണ്ടെന്നു തോന്നുന്നില്ല.

പിന്നെ ഇവിടെ പ്ലാനിംഗിന്റെ പൊതുതത്വത്തെപ്പറ്റി പല വിമർശനങ്ങളും നടത്തുകയുണ്ടായി. പ്ലാനിംഗ് എന്നു പറയുന്നതു് കമ്പോളത്തിൽ വർക്കിന്റെ ഒരു കെട്ടു മാത്രമല്ലെന്നു് പലരും ഇവിടെ പറയുകയുണ്ടായി. അങ്ങനെ ഒരഭിപ്രായം ഗവണ്മെന്റിനോ മറ്റാർക്കെങ്കിലുമോ ഇല്ല. പ്ലാനിംഗ് എന്നു പറഞ്ഞാൽ നമ്മുടെ രാജ്യത്തെ ജനങ്ങളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കു വേണ്ടതെല്ലാം ഉൾപ്പെടും. ഈ കൂട്ടത്തിൽ പ്രൊഫസർ മുണ്ടശ്ശേരി പറഞ്ഞ ഭൂവുടമപരിഷ്കരണവും ഉൾപ്പെടും. അതു് പ്ലാനിംഗിൽ ഉൾപ്പെടുന്നില്ലെന്നു പറയുന്നതു് ശരിയല്ല. അതും പ്ലാനിംഗ് കമ്മിഷൻ പ്ലാനിംഗിന്റെ ഭരണക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. പ്രൊഫസർ മുണ്ടശ്ശേരിതന്നെ ലേബർനിയമങ്ങളെപ്പറ്റി പറയുകയുണ്ടായി. അദ്ദേഹം, ലേബറുമായി ഒരു പുതിയ സമീപനം വേണമെന്നു പറഞ്ഞു. ഈ വക കാര്യങ്ങളിൽ വലിയ അഭിപ്രായവ്യത്യാസം ആർക്കും ഇല്ല. പൊതുജനസഹായത്തോടും സഹകരണത്തോടും ഈ പ്ലാൻ വിജയിപ്പിക്കണമെന്നാണു് ഗവണ്മെന്റിന്റെ ഉദ്ദേശം. ഇതിൽ കൂടുതലൊന്നും ഈയവസരത്തിൽ പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ സഭയിലെ എല്ലാ ഭാഗത്തുമുള്ള സൂഹൃത്തുക്കളുടേയും എല്ലാ വിധത്തിലുള്ള സഹായങ്ങളും, സഹകരണങ്ങളും, ആശിസ്സുകളും നമ്മുടെ ഈ രണ്ടാം പഞ്ചവത്സരപദ്ധതി വിജയിപ്പിക്കുന്നതിനു് ഉണ്ടാകുമെന്നു് എനിക്കു് പൂർണ്ണമായ വിശ്വാസമുണ്ടു്. ആ സഹകരണത്തോടും സഹായത്തോടുംകൂടി ഈ രണ്ടാം പഞ്ചവത്സരപദ്ധതി മൂലം നമ്മുടെ രാജ്യത്തെ ജനങ്ങൾക്കു് ക്ഷേമവും, ഐശ്വര്യവും ഉണ്ടാകാനിടയാകട്ടെ എന്നു പ്രാർത്ഥിക്കുകയും ഞാൻ അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്നു് അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ഏബ്രഹാം : പ്ലാനിലുള്ള പദ്ധതിയേക്കാൾ കൂടുതൽ ഉപയോഗപ്രദമായ പദ്ധതി ഗവണ്മെൻറിൻെറ മുമ്പിൽ വച്ചാൽ അതു് സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്വീകരിക്കും.

ശ്രീ. കെ. സി. ഏബ്രഹാം : അതനുസരിച്ചു പ്രവർത്തിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി ആലോചിക്കും.

The resolution: "This Assembly regrets to note that considerable reduction has been made in the provisions proposed under the Second Five Year Plan of the State and resolves that in consideration of the special problems of the State, the Government of India be requested to allot for investment in this State a large share of the amount set apart for investment in the Central Sector of the Second Five Year Plan of India" was put and carried unanimously.

The Assembly adjourned *sine die*, at 4-55 P. M.

APPENDIX.

NOTIFICATION.

No.LA.1-582|55. *12th December 1955.*

In exercise of the powers conferred by sub clause (a) of clause 2 of Article 174 of the Constitution of India, as amended, read with clause 1 of Article 238 thereof, His Highness the Rajpramukh of the State of Travancore-Cochin hereby prorogues the Third Session in 1955 of the Travancore-Cochin Legislative Assembly, with effect from the 28th November 1955.

ഭേദഗതിവരുത്തപ്പെട്ട ഇൻഡ്യൻ ഭരണഘടന 238–ാം വകുപ്പ് 1–ാം ഖണ്ഡത്തിനു വിധേയമായ 174–ാം വകുപ്പ് 2–ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു് തിരുവിതാംകൂർ–കൊച്ചിയിലെ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് തിരുവിതാംകൂർ–കൊച്ചി നിയമസഭയുടെ 1955–ലെ മൂന്നാംസമ്മേളനം 1955 നവംബർ 28–ാംതു മുതൽ ഇതിനാൽ സമാപിപ്പിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly